# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ★159** **11/02/2020-ൽ മറുപടിയ്ക്ക്**

## കൊറോണ വൈറസ് പനിയുൾപ്പെടെയുള്ള പകർച്ച വ്യാധികൾ

**ചോദ്യം**

**ശ്രീ.കെ.യു. ജനീഷ് കുമാർ**
**,, കാരാട്ട് റസാഖ്**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.എ. പ്രദീപ്കുമാർ**

എ) സംസ്ഥാനത്ത് ഭീഷണിയുയർത്താൻ സാധ്യതയുള്ള കൊറോണ വൈറസ് പനിയുൾപ്പെടെയുള്ള പകർച്ച വ്യാധികൾ നേരിടുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനു വേണ്ടി 2018, 2019 വർഷങ്ങളിൽ നടപ്പിലാക്കിയ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന സമയബന്ധിതമായ കർമ്മപരിപാടിയായ "ആരോഗ്യജാഗ്രത" 2020-ലും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ കൃത്യമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ആരോഗ്യജാഗ്രത 2020 – ന്റെ ഉദ്ഘാടനം ജനുവരി 23- ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ആർദ്രം ജനകീയ കാമ്പയിനുമായി ചേർന്ന് "നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യത്തോടെ ഈ വർഷത്തെ ആരോഗ്യജാഗ്രത ജില്ലകളിൽ നടപ്പിലാക്കി വരുന്നു. അതോടൊപ്പം സുസ്ഥിര വികസന ലക്ഷ്യങ്ങൾ അനുസരിച്ച് 2020 - 25 കാലയളവിൽ മലമ്പനി, മന്തുരോഗം, കാല അസർ, ക്ഷയരോഗം, കുഷ്ഠരോഗം തുടങ്ങിയവ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

ചൈനയിൽ നോവൽ കൊറോണ രോഗം പൊട്ടിപ്പുറപ്പെട്ടതിനെ തുടർന്ന് ലോകാരോഗ്യസംഘടനയുടെ മുന്നറിയിപ്പ് ലഭിച്ച ഉടൻ സംസ്ഥാന ആരോഗ്യ വകുപ്പ് രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയുണ്ടായി.

ലോകാരോഗ്യസംഘടന, കേന്ദ്ര ആരോഗ്യ-മന്ത്രാലയം, എൻ.സി.ഡി.സി, ഐ.ഡി.എസ്.പി. തുടങ്ങിയവയിൽ നിന്നുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും സംസ്ഥാന/ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കി. ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ദ്രുതകർമ്മസേന അടിയന്തരയോഗം ചേരുകയും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്കു നൽകുകയുമുണ്ടായി. സംസ്ഥാന ജില്ലാതലങ്ങളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ ആരംഭിച്ചു. ചൈനയിൽ നിന്നും വരുന്ന യാത്രികരെ വീടിനുള്ളിൽ ഒരു മുറിയിൽതന്നെ പാർപ്പിച്ച് പ്രത്യേകം നിരീക്ഷിച്ചു വരുന്നു (ഹോം ഐസൊലേഷൻ) ഇവരിൽ രോഗലക്ഷണങ്ങൾ ഉള്ളവരെ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ പ്രവേശിപ്പിച്ച് രോഗബാധയുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ ചികിത്സയും ഐസൊലേറ്റ് ചെയ്ത് നിരീക്ഷണവും നടത്തി വരുന്നു. രോഗലക്ഷണങ്ങൾ കാണിക്കുന്നവരുടെ സാംപിൾ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. വിവിധ തലങ്ങളിലുള്ള യോഗങ്ങൾ കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ തുടങ്ങിയവ വഴിയുള്ള ബോധവത്കരണം, പരിശീലനം, മരുന്ന്, വ്യക്തിഗത സുരക്ഷാ സാമഗ്രികൾ തുടങ്ങിയവ ഉറപ്പാക്കൽ, ആശുപത്രികളിലെ ഐസൊലേഷൻ വാർഡ് സജ്ജീകരണം, രോഗപ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ രോഗിയുമായി സമ്പർക്കമുണ്ടായവരുടെ നിരീക്ഷണം, പ്രതിദിന റിപ്പോർട്ടിംഗ്, കാൾ സെന്ററുകൾ വഴി ജനങ്ങളുടെ സംശയ ദൂരീകരണം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

**ബി)** പൊതു ആരോഗ്യ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യപരിപാലന രീതികളും സാങ്കേതിക വിദ്യകളും

**ബി)** കേരളത്തെ വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും കേന്ദ്രമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി കേരളം മെഡിക്കൽ

വികസിപ്പിക്കാനും ആരോഗ്യ രംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കാനും മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

ടെക്നോളജി കൺസോർഷ്യം താഴെപ്പറയുന്ന പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളോടു കൂടി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

a) വ്യക്തിഗത സംരംഭകർക്ക് വളർച്ച ഉറപ്പാക്കുന്നതിനും നൂതന മെഡിക്കൽ ഉപകരണ/സാങ്കേതിക കമ്പനികൾക്ക് ഫണ്ട് നൽകുന്നതിനുമുള്ള ഒറ്റ ഉറവിട കേന്ദ്രമായി പ്രവർത്തിക്കുക.

b) അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമതയുള്ള മുൻനിര മെഡിക്കൽ സാങ്കേതികതകളും ആരോഗ്യപരിപാലന പ്രതിവിധികളും വികസിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക.

c) ഇന്ത്യൻ സമൂഹത്തിനു യോജിക്കുന്ന സവിശേഷ ക്ലിനിക്കൽ ആവശ്യങ്ങൾ തിരിച്ചറിയുകയും നൂതനവും ചെലവ് കുറഞ്ഞതുമായ പ്രതിവിധികളിലൂടെ അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക.

d) സാമൂഹ്യമായി പ്രസക്തിയുണ്ടെങ്കിലും വ്യാപാര സാധ്യത കുറവുള്ള ക്ലിനിക്കൽ ആവശ്യങ്ങൾ മുൻനിർത്തിയുള്ള ബഹുവിജ്ഞാനപരമായ ഗവേഷണ പരിശ്രമങ്ങൾ സർക്കാരിന്റെ സവിശേഷ പിന്തുണയോടെ സൃഷ്ടിക്കുക.

e) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികാസത്തിനും ആഗോളവ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിതസ്ഥിതിയും വൈദഗ്ധ്യവുമുള്ള തൊഴിൽ സേനയും പോഷിപ്പിക്കുക.

f) ഉയർന്ന വരുമാനമുള്ളതും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പൊതുജനാരോഗ്യം ശക്തിപ്പെടുത്തുന്നതിന് പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്താമോ; | സി) | പൊതുജനാരോഗ്യം ശക്തിപ്പെടുത്തുന്നതിന് പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ഡി) | ദീർഘകാലമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | ഡി) | ഉണ്ട്.<br>ദീർഘകാലമായി ജോലിയ്ക്ക് ഹാജരാകാത്ത ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ അടിയന്തര പ്രാബല്യം വരത്തക്ക രീതിയിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

Annexure

# STATEMENT SHOWING POST CREATION FROM 2016 - 04.02.2020

| Sl No | NAME OF CATEGORY | No.of Posts created |
|---|---|---|
| 1 | Assistant Director/Superintendent | 10 |
| 2 | Medical Superintendent (Dy.Director) | 4 |
| 3 | Assistant Surgeon | 575 |
| 4 | Scientific Officer | 4 |
| 5 | Jr.Scientific Officer | 3 |
| 6 | RMO (General side) | 2 |
| | **Cardiology** | |
| 7 | Cheif Consultant | 1 |
| 8 | Consultant | 3 |
| 9 | Assistant Surgeon | 4 |
| | **Nephrology** | |
| 10 | Consultant | 3 |
| 11 | Assistant Surgeon | 6 |
| | **Neurology** | |
| 12 | Consultant | 4 |
| | **Urology** | |
| 13 | Consultant | 3 |
| | **Radiology** | |
| 14 | Junior Consultant | 1 |
| | **Forensic Medicine** | |
| 15 | Chief Consultant | 1 |
| 16 | Consultant | 1 |
| 17 | Junior Consultant | 5 |
| | **Orthopaedics** | |
| 18 | Sr.Consultant | 1 |
| 19 | Consultant | 3 |
| 20 | Jr.Consultant | 5 |
| | **Anaesthesia** | |
| 21 | Consultant | 3 |
| 22 | Jr.Consultant | 12 |
| | **Radio Diagnosis/Radio Therapy** | |
| 23 | Consultant | 5 |

| | | |
|---|---|---|
| 24 | Jr.Consultant | 2 |
| | **Respiratory /medicine** | |
| 25 | Jr.Consultant | 4 |
| | **Blood Bank/Microbiologist/Pathologist** | |
| 26 | Sr.Consultant | 2 |
| 27 | Consultant | 4 |
| | Jr.Consultant | 7 |
| 28 | **Dental Speciality** | |
| | Jr.Consultant | 5 |
| 29 | **Paediatrics** | |
| 30 | Sr.Consultant | 1 |
| 31 | Consultant | 8 |
| | Jr.Consultant | 17 |
| 32 | **General Surgery** | |
| | Jr.Consultant | 8 |
| 33 | **Ophthalmology** | |
| | Jr.Consultant | 4 |
| 34 | **PMR** | |
| 35 | Consultant | 1 |
| | Jr.Consultant | 2 |
| 36 | Psychiatry | |
| 37 | Consultant | 1 |
| | Jr.Consultant | 6 |
| 38 | **ENT** | |
| | Jr.Consultant | 3 |
| 39 | **Dermatology** | |
| | Jr.Consultant | 2 |
| 40 | **O&G** | |
| 41 | Sr.Consultant | 2 |
| 42 | Consultant | 9 |
| | Jr.Consultant | 14 |
| | **General Medicine** | |
| 43 | Consultant | 1 |
| 44 | Jr.Consultant | 27 |
| 45 | Casuality Medical Officer | 105 |

| | | |
|---|---|---|
| 46 | Lay secretary and Treasurer | 1 |
| 47 | Sr.Clerk | 2 |
| 48 | Head Clerk | 1 |
| 49 | UDC/LDC | 4 |
| 50 | LD Typist | 1 |
| 51 | Peon (Office Attendent) | 4 |
| 52 | Nursing Superintendent I | 1 |
| 53 | Nursing Superintendent II | 1 |
| 54 | Head Nurse | 5 |
| 55 | Staff Nurse I & II | 965 |
| 56 | Nursing Tutor | 19 |
| 57 | Pharmacist Store Keeper | 16 |
| 58 | Pharmacist | 184 |
| 59 | Optometrist GrII | 7 |
| 60 | Radiographer | 20 |
| 61 | X ray Technician Gr II | 1 |
| 62 | X ray Attender | 16 |
| 63 | Physiotherapist(General) | 6 |
| 64 | Medical Record Librarian Gr II | 18 |
| 65 | Medical Record Attendant | 17 |
| | Chief Lab Technician | 2 |
| 66 | Lab Technician | 673 |
| 67 | Jr.Lab Assistant | 8 |
| 68 | Cath Lab Techncian | 6 |
| 69 | Sterilization Technician Gr II | 1 |
| 70 | ECG Technician | 36 |
| 71 | Dialysis Technician | 68 |
| 72 | Blood Bank Medical Officer | 1 |
| 73 | Mortuary Technician | 6 |
| 74 | Mortuary Attendent | 5 |
| 75 | Nursing Assistant | 5 |
| 76 | Hospital Attendant GrI | 25 |
| 77 | Hospital Attendant GrII | 51 |
| 78 | PTS | 2 |
| 79 | Dental Hygienist | 12 |
| 80 | Dental Mechanic | 25 |

| | | |
|---|---|---|
| 81 | Asst. Dental Surgeon | 47 |
| 82 | Store Superintendent | 1 |
| 83 | Dental Equipment Maintenance Technician | 2 |
| | **Total** | **3159** |